കേരള സർക്കാർ

(സംഗ്രഹം)

പൊതുവിദ്യാഭ്യാസം - പാഠപുസ്തക വിതരണം 2010-11-തുക അക്കൗണ്ട് ചെയ്യുന്നത് സംബന്ധിച്ച് നിർദ്ദേശങ്ങൾ നൽകി- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പൊതുവിദ്യാഭ്യാസ (എം) വകുപ്പ്

ജി. ഒ (ആർ.റ്റി) നം. 3660/10/പൊ.വി.വ തീയതി, തിരുവനന്തപുരം, 17/8/2010.

---

പരാമർശം: 1. 7.5.2010, 15.7.2010 എന്നീ തീയതികളിലെ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ എ4/302/10/റ്റി.ബി.ഒ നമ്പർ കത്ത്.

2. 4.6.2010 ൽ പൊതുവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ കൂടിയ ഹൈലെവൽ മോണിറ്ററിംഗ് കമ്മിറ്റി മീറ്റിംഗിന്റെ മിനിറ്റ്സ്.

19/8/2010

## ഉത്തരവ്

2010-11 അദ്ധ്യയനവർഷം സ്കൂൾ സൊസൈറ്റികൾ മുഖാന്തിരം വിതരണം ചെയ്ത പാഠപുസ്തകങ്ങളുടെ വിലയായി സൊസൈറ്റികൾ ശേഖരിച്ച തുക അക്കൗണ്ട് ചെയ്യുന്നത് സംബന്ധിച്ച് ആവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കണമെന്ന് പരാമർശം ഒന്നിലെ കത്തുകൾ പ്രകാരം പൊതുവിദ്യാഭ്യാസ ഡയറക്ടർ ആവശ്യപ്പെട്ടിരിക്കുന്നു. 4/6/2010 ൽ കൂടിയ ഹൈലെവൽ മോണിറ്ററിംഗ് കമ്മിറ്റി ഇക്കാര്യം പരിശോധിച്ചിരുന്നു. ഈ സാഹചര്യത്തിൽ സ്കൂൾ സൊസൈറ്റി മുഖാന്തിരം 2010-11 അദ്ധ്യയനവർഷം സ്കൂൾ പാഠപുസ് തകങ്ങൾ വിതരണം ചെയ്ത വകയിൽ സ്കൂൾ സൊസൈറ്റികൾ ശേഖരിച്ച തുക അക്കൗണ്ട് ചെയ്യുന്നത് സംബന്ധിച്ച് ചുവടെ ചേർത്തിരിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ [redacted] പുറപ്പെടുവിക്കുന്നു.

(i) സ്കൂൾ സൊസൈറ്റികൾ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി സ്കൂൾ സൊസൈറ്റികൾക്കുള്ള കമ്മീഷൻ 10% ആയിരിക്കും. 10% കമ്മീഷൻ എന്നത് 5% ഹാൻഡ്ലിംഗ് ചാർജായും 5% വിതരണ ചെലവായും കണക്കാക്കാവുന്നതാണ്.

(ii) സൗജന്യ പാഠപുസ്തകത്തിന്റെ വില സർവ്വ ശിക്ഷാ അഭിയാൻ ഡിസ്ട്രിക് പ്രോജക്ട് ഓഫീസർമാർ ബന്ധപ്പെട്ട ക്ലസ്റ്റർ സൊസൈറ്റികൾക്ക് നൽകേണ്ടതാണ്. ഇതിൽ 5% സൊസൈറ്റി സെക്രട്ടറി/ ഹെഡ്മാസ്റ്ററുടെ പേരിലും, 95% (90% പാഠപുസ്തകങ്ങളുടെ നെറ്റ് വില + 5% വിതരണ ചെലവ്). ഗവൺമെന്റ് നിർദ്ദേശിക്കുന്ന ഹെഡിൽ അടയ്ക്കാൻ ഉതകും വിധത്തിലും ആകണം എസ്.എസ്.എ തുക നൽകേണ്ടത്.

(iii) 9,10 ക്ലാസ്സുകളിലെ പുസ്തകങ്ങളുടെ വില കുട്ടികളിൽ നിന്നും അനുബന്ധ സ്കൂളുകളിൽ നിന്നും, ക്ലസ്റ്റർ സൊസൈറ്റികൾ ശേഖരിക്കേണ്ടതാണ്.

(iv) ഇപ്രകാരം ക്ലസ്റ്റർ സൊസൈറ്റികൾക്ക് ലഭിക്കുന്ന തുകയുടെ 95% (90% പാഠപുസ്തകങ്ങളുടെ നെറ്റ് വിലയും 5% വിതരണ ചെലവും) " 0202 -01- 102- 95 **Text Book Receipts**" എന്ന ഹെഡിൽ അടയ്ക്കേണ്ടതും ചെലാന്റെ ഒരു പകർപ്പ് ബന്ധപ്പെട്ട ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നൽകേണ്ടതുമാണ്.

(v) 2010-11 അദ്ധ്യയനവർഷം സ്കൂളുകൾ നേരിട്ട് പുസ്തകം എടുത്തതു മൂലമുണ്ടായ ചെലവ് എസ്.എസ്.എ വഹിച്ചിട്ടുണ്ടെങ്കിൽ ആ തുക ക്ലസ്റ്റർ സൊസൈറ്റികൾ അവയുടെ 5% കമ്മീഷനിൽ നിന്ന് എസ്. എസ്. എ യ്ക്ക് തിരികെ നൽകേണ്ടതാണ്.

(vi) പാഠപുസ്തക വിലയുടെ 95% സർക്കാരിലേക്ക് അടച്ചു എന്ന് ബന്ധപ്പെട്ട ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ ഉറപ്പുവരുത്തേണ്ടതും ക്ലസ്റ്റർ സൊസൈറ്റികൾ വിതരണം ചെയ്ത പുസ്തകങ്ങളുടെ ഇനം തിരിച്ച ലിസ്റ്റും അവയുടെ വില സൂചിപ്പിക്കുന്ന സ്റ്റേറ്റ്മെന്റും ജില്ലാ വിദ്യാഭ്യാസ ആഫീസർ ഏകോപിപ്പിച്ച്, അതിൽ കിട്ടേണ്ട തുക, അടച്ച തുക, ബാലൻസ് ഉണ്ടെങ്കിൽ എങ്ങനെ/എന്തുകൊണ്ട് എന്നീ കാര്യങ്ങളും കാണിച്ച് ക്രോഡീകരിച്ച സ്റ്റേറ്റ്മെൻറ് ഓരോ ജില്ലാ വിദ്യാഭ്യാസ ആഫീസർമാരും അതാത് ഡെപ്യൂട്ടി ഡയറക്ടർക്ക് കൈമാറേണ്ടതും ഡെപ്യൂട്ടി ഡയറക്ടർമാർ അത് ക്രോഡീകരിച്ച് പൊതുവിദ്യാഭ്യാസ ഡയറക്ടർ/പാഠപുസ്തക ആഫീസർക്ക് കൈമാറേണ്ടതുമാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
ജെയിംസ് വർഗ്ഗീസ്
സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ, സർവ്വ ശിക്ഷാ അഭിയാൻ, നന്ദാവനം, തിരുവനന്തപുരം.
പാഠപുസ്തക ഓഫീസർ, പത്മവിലാസം, ഫോർട്ട്, തിരുവനന്തപുരം.
എല്ലാ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർമാർ.
എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ
അക്കൗണ്ടൻറ് ജനറൽ (ആഡിറ്റ്/എ ആൻറ് ഇ) കേരളം, തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
L. Jayachandran
സെക്ഷൻ ഓഫീസർ